എസ്. എസ്. എൽ. സി.-ഐ. ടി. പരീക്ഷ നിശ്ചിത സമയത്ത് നടത്തണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ്: സർ, ഏതാണ്ട് 5 ലക്ഷം കുട്ടികൾ പങ്കെടുക്കേണ്ട S.S.L.C. (I.T.)പരീക്ഷ നാളെ ആരംഭിക്കേണ്ടതാണ്. ഈ പരീക്ഷ നടക്കാനിടയില്ലെന്ന വാർത്ത ഇന്നത്തെ എല്ലാ മാദ്ധ്യമങ്ങളിലുമുണ്ട്. ഇത് വിദ്യാർത്ഥികളേയും രക്ഷാകർത്താക്കളേയും വളരെ ആശങ്കാകുലരാക്കിയിരിക്കുകയാണ്. ഇന്ന് മലയാള മനോരമയിൽ വന്ന വാർത്ത "രാഷ്ട്രീയ ഇടപെടൽ—ഐ. ടി. പരീക്ഷ മാറ്റുന്നു; പ്രതിഷേധം പ്രകടിപ്പിച്ച് പരീക്ഷയിൽ സഹകരിക്കുവാൻ കെ. എസ്. ടി. എ. നിർവ്വാഹക സമിതി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ എടുത്ത തീരുമാനത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇടപെട്ട് സമ്പൂർണ്ണ ബഹിഷ്കരണമാക്കി മാറ്റുകയായിരുന്നു. ഇതിനോട് കെ. എസ്. ടി. എ.-ക്ക് കൂടുതൽ എതിർപ്പുണ്ട്. പരീക്ഷ ബഹിഷ്കരണം ശിക്ഷാനടപടികൾക്ക് ഇടയാക്കുമെന്നുള്ളതും കുട്ടികളുടെ ഭാവി പന്താടുന്നത് ശരിയല്ലെന്നുള്ളതുംകൊണ്ട് കെ. എസ്. ടി. എ. അംഗങ്ങളിൽ നല്ലൊരുപങ്ക് അദ്ധ്യാപകരും ഈ ബഹിഷ്കരണത്തോട് മാനസികമായ വിയോജിപ്പിലാണ്." .....(ബഹളം).... ഇത് മലയാള മനോരമയിൽ വന്നതാണ്. ഇവിടെ 5 ലക്ഷം വിദ്യാർത്ഥികൾ പരീക്ഷ എഴുതുകയാണ്. മാർക്സിസ്റ്റു പാർട്ടിയിലെ ഗ്രൂപ്പിസം ജില്ലാ സമ്മേളനം കഴിഞ്ഞ് ഒരു ആവേശമായി മാറിയിരിക്കുകയാണ്. ഞങ്ങൾക്ക് പരാതിയില്ല. പക്ഷേ ഈ സമയത്ത് പരീക്ഷ ബഹിഷ്കരിക്കാനും ഇത് അലങ്കോലപ്പെടുത്താനും നടത്തുന്ന ശ്രമങ്ങൾ അപകടകരമാണ്. ദയവായി വിദ്യാർത്ഥികളുടെ ഭാവി പന്താടുന്ന രീതിയിലൊക്കെ സി.പി.എം. ഗ്രൂപ്പിസം മാറുന്ന നടപടി അവസാനിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ ഇതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് ഇന്നലെ ചോദ്യത്തിൽ വിശദമായി പറഞ്ഞു. വിദ്യാർത്ഥികളുടെ എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യങ്ങൾക്കുള്ള മറുപടി അവിടെനിന്നുംതന്നെ read ചെയ്ത് എത്തിക്കാനുള്ള സൗകര്യത്തിനുവേണ്ടി ചെയ്ത ഒരു software-ന്റെ പ്രവർത്തനമാണ്. ഇത് ശരിക്കുപറഞ്ഞാൽ 2003 ഡിസംബറിൽ നമ്മൾ തുടങ്ങിയ ഒരു വർക്കാണ്. ഇപ്പോഴാണ് അത് യാഥാർത്ഥ്യവൽക്കരിച്ചുവരുന്നത്. ഒന്നൊന്നരക്കൊല്ലത്തെ നമ്മുടെ അദ്ധ്വാനമാണ്. ഇത് കാൽക്കൊല്ല പരീക്ഷയിലും അരക്കൊല്ല പരീക്ഷയിലും പരിശോധിച്ചു. 19, 20, 24, 25 തീയതികളിൽ വിജയകരമായി എല്ലായിടത്തും നടന്ന model examination-ലും ഇത് പരിശോധിച്ചു. അതിലൊക്കെ കെ. എസ്. ടി. എ. അടക്കം കേരളത്തിലെ എല്ലാ അദ്ധ്യാപക സംഘടനകളും സഹകരിച്ചു. എനിക്ക് അതിനോട് നന്ദിയുണ്ട്. ഭംഗിയായി കാര്യങ്ങൾ നടന്നു. 25-ാം തീയതി model examination കഴിഞ്ഞിട്ട് ഈ 9-ാം തീയതി final examination നടക്കുകയാണ്. അപ്പോഴാണ് 25-ാം തീയതിക്കുശേഷം ഈ public examination നടക്കുന്നതിന്റെ 15 ദിവസത്തെ ഗ്യാപ്പിനിടയിൽ ഇത് ബഹിഷ്കരിക്കുമെന്നുള്ള പ്രസ്താവന അവരുടെ ഭാഗത്തുനിന്നും വന്നത്. അത് വന്നപ്പോൾ ഞാൻ നിരാശനായില്ല. ഞാൻ എല്ലാ അദ്ധ്യാപക സംഘടനകളേയും വിളിച്ച് നിങ്ങൾക്ക് എന്താണ് പ്രശ്നമെന്ന് ചോദിച്ചു. അവർ പല പ്രശ്നങ്ങളും പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്കിതിൽ മാറ്റം വേണമെങ്കിൽ അടുത്ത പ്രാവശ്യം ചെയ്യാമെന്ന് ഞാൻ അവരോട് പറഞ്ഞു. അവർ അതൊക്കെ സമ്മതിച്ചു. കെ. എസ്. ടി. എ. അടക്കം എല്ലാവരും സമ്മതിച്ച് സന്തോഷമായി പിരിഞ്ഞു. ഇത് എല്ലാ പത്രത്തിലും വന്നു. കെ. എസ്. ടി. എ. അത് നിഷേധിച്ചില്ല. അവർ എന്നോട് ഒരു കാര്യം പറഞ്ഞു, ഞങ്ങളിത് ആദ്യം പറഞ്ഞുപോയതാണ്, രണ്ടും മൂന്നും തീയതികളിൽ ഇത് തുടങ്ങാൻ പറ്റുകയില്ല അതുകൊണ്ട് ഞങ്ങൾക്കുവേണ്ടി ഇത് രണ്ടുദിവസം നീട്ടിവയ്ക്കണമെന്ന് അത് ഞാൻ സമ്മതിച്ചു. 5-ാം തീയതിവരെ നിർത്തിവച്ചു, അതുകഴിഞ്ഞ് പരിശീലനം തുടങ്ങിയാൽ മതിയെന്നു പറഞ്ഞു. തങ്ങൾ നാലാം തീയതിയിലെ കമ്മിറ്റിയിൽ ഇത് പ്രഖ്യാപിച്ചയുടൻ വിവരം പറയാമെന്ന് അവർ പറഞ്ഞു. നാലാം തീയതി ഞാൻ മൈലത്ത് സ്പോർട്ട്സ് കൗൺസിൽ നോക്കാൻ വേണ്ടി പോയി. അപ്പോൾ കെ. എസ്. ടി. എ. യുടെ ഓഫീസിൽ നിന്നും വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് ഡയറക്ടറെ വിളിച്ചിട്ട് ഞങ്ങൾക്ക് ഇതിൽ എതിർപ്പുണ്ടെങ്കിലും കമ്മിറ്റികൂടി ഇതിൽ സഹകരിക്കാൻ തീരുമാനിച്ചുവെന്ന് അവർ പറഞ്ഞു. ഞാൻ ഉടനെ പരിശീലനമൊക്കെ നടക്കട്ടെയെന്ന് instruction-നും കൊടുത്തു. അതുകഴിഞ്ഞ് രാത്രി എട്ടരമണിയായപ്പോൾ രണ്ടാമത് വിളിച്ച് ഞങ്ങൾ സഹകരിക്കുന്നില്ല എന്ന് തീരുമാനിച്ചിരിക്കുന്നു എന്ന് അവർ പറഞ്ഞു. എന്തുചെയ്യും? ഗവൺമെന്റിന് ഈ കാര്യത്തിൽ ഒരു വാശിയുമില്ല. ഇത് 9-ാം തീയതി നടക്കേണ്ട പരീക്ഷയാണ്. നേരത്തേ വല്ല വാശിയും വഴക്കും പറഞ്ഞിരുന്നുവെങ്കിൽ അതിന് സമയമുണ്ടായിരുന്നു. ഇനി എന്തുചെയ്യുമെന്നാണ് പറയുന്നത്? ഇവിടെ ചില ആളുകൾ കൈകൊണ്ട് നടത്താമെന്ന് പറയുന്നുണ്ട്, എനിക്ക് ഒരു കാര്യത്തിലും വിരോധമില്ല. എന്നാൽ അത് നടക്കുന്ന കാര്യമാണോ? നാലേമുക്കാൽ ലക്ഷം കുട്ടികളും 25,000 കംപ്യൂട്ടറും വച്ച് ഈ ദിവസത്തിനുള്ളിൽ എങ്ങനെയാണ് പരീക്ഷ നടത്തുക? ഇന്ന രീതിയിൽ പരീക്ഷ നടത്താമെന്ന് ആരെങ്കിലുമൊരു വിദ്യ പറഞ്ഞുതന്നാൽ മതി. എനിക്ക് ഒരു വാശിയുമില്ല, ഗവൺമെന്റിന് വാശിപിടിക്കാൻ പറ്റില്ല. ഇവരുടെ സമരത്തെ അതിജീവിച്ച് ഒരു മുഷ്ക്കുകാണിച്ച് നടത്തണമെന്ന വാശിയൊന്നും എനിക്കില്ല. കാരണം ഇത് കംപ്യൂട്ടറാണ്. ദേഷ്യം പിടിച്ച് മാഷ് ഒരു തട്ടുകൊടുത്താൽ മതി അതങ്ങനെ നിന്നുപോകും. അതുകൊണ്ട് ഇതിന് പ്രായോഗികമായി എന്തെങ്കിലും ചെയ്യാതെ നടക്കില്ല. അതിന് നിങ്ങളെല്ലാംകൂടി ഒരു പരിഹാരം ദയവായി ഉണ്ടാക്കിത്തരണം. ഇതിൽ നമ്മളെല്ലാവരും സഹകരിച്ചില്ലെങ്കിൽ, ഇത്രയുംകാലം കുട്ടികൾ അദ്ധ്വാനിച്ച് ഈ പരീക്ഷയിലേക്ക് പോകുന്ന സമയത്ത് വഴക്കടിച്ചുനിന്നാൽ ഇത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് എല്ലാവരും സഹകരിക്കണം. എന്തുമാറ്റം വേണമെങ്കിലും അടുത്തകൊല്ലം വരുത്താൻ ഞാൻ ഒരുക്കമാണ്. ഞാൻ രാഷ്ട്രീയത്തിലേക്കൊന്നും കടക്കുന്നില്ല. രാഷ്ട്രീയമൊക്കെയുണ്ടാകും. പക്ഷേ കുട്ടികളുടെ പരീക്ഷയ്ക്ക് നമ്മൾ രാഷ്ട്രീയം ഒരിക്കലും കൊണ്ടുവരരുത്. അങ്ങനെ കൊണ്ടുവന്നാൽ ഇത് ബുദ്ധിമുട്ടായിപ്പോകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി വേണ്ടെന്നുവച്ചു എന്നിരിക്കട്ടെ, എന്താണ് നടക്കുന്നത്? അവർക്കുകൊടുത്ത 11 ലക്ഷം രൂപയും കീശയിലിട്ടുകൊണ്ട് അവർ പോകുമെന്നുള്ളതല്ലാതെ എന്തു നടക്കാനാണ്? അതുകൊണ്ട് ദയവായി സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ചർച്ചയ്ക്കു വിളിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വിളിക്കാം, ഞാൻ agree ചെയ്യുന്നു. ആരെയാണ് വിളിക്കേണ്ടത്?

ശ്രീ. മത്തായി ചാക്കോ: സർ, ഇവിടെ സി. പി. എം. നെതിരായി ദുരുദ്ദേശപരമായിട്ടുള്ള വർത്തമാനം പറഞ്ഞു. കേരളത്തിൽ ഒരു പരീക്ഷ നടത്തുന്നതിനും ഞങ്ങളുടെ പാർട്ടി എതിരല്ല,....(ബഹളം)..... സി. പി. എം. കേരളത്തിലെ ഒരു പരീക്ഷ നടത്തുന്നതിനും തടസ്സമല്ല, കെ. എസ്. ടി. എ. എന്ന സംഘടനയും തടസ്സമല്ല. അവർ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ, അത് പരിഹരിക്കണം. അദ്ധ്യാപക സംഘടനകളുടെ ഐക്യസമരം നടന്നു. മിനിഞ്ഞാന്ന് മന്ത്രിതന്നെ പങ്കെടുത്ത പരിപാടിയിൽ ധർണ്ണ നടത്തിയിരുന്നു. ഇത് പരിഹരിക്കുന്നതിന് ഇന്നുതന്നെ അവരെ വിളിച്ച് ചർച്ച ചെയ്താൽ സഹകരണമുണ്ടാകും. പരീക്ഷ നടത്തുന്നതിന് ഒരു തടസ്സവുമില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്യാം. നാളെയാണ് പരീക്ഷ തുടങ്ങേണ്ടത്. ശ്രീ. മത്തായി ചാക്കോ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവരെ വീണ്ടും വിളിച്ച് സംസാരിക്കാം. ഇനി പരീക്ഷ നാളെ തുടങ്ങുന്നില്ല. അത് ഒഴിവാക്കുന്നില്ല, ഒഴിവാക്കാൻ നമുക്ക് പറ്റില്ലല്ലോ. നമ്മുടെ മുമ്പിൽ 28 വരെ ഡേറ്റുണ്ട്. അതുകൊണ്ട് ഞാൻ അവരെ വിളിച്ചുകൂട്ടാം; ഒരു ധാരണയുണ്ടാക്കാം, ആ ധാരണയുണ്ടാക്കുന്ന കാര്യത്തിൽ നിങ്ങളുടെകൂടി സഹകരണം വേണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

V പരാമർശം

(1) ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്

മി. സ്പീക്കർ: ഇവിടെ ചോദ്യങ്ങൾക്ക് മറുപടി തരുന്നതിനെ സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. സാജുപോൾ തുടങ്ങി നിരവധി അംഗങ്ങൾ എഴുതി തന്നിട്ടുണ്ട്. എന്റെ ശ്രദ്ധയിലും പെട്ടിട്ടുണ്ട്. 11-00 a.m.] I am also convinced. പല പ്രാവശ്യവും ഇവിടെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണിത്. ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം കിട്ടാത്തതിന്റെ നമ്പർ കുറഞ്ഞിട്ടുണ്ട്. That is good. അതേ സമയത്തു തന്നെ ചോദ്യങ്ങൾക്കു നൽകാവുന്ന ഉത്തരങ്ങൾ പോലും തരാതെ ഒറ്റയടിക്ക് വിവരം ശേഖരിച്ചു വരുന്നു എന്ന് പറയുന്നുണ്ട്. That means you are not applying your mind. ഉദ്യോഗസ്ഥർക്ക് അങ്ങനെയൊരു പ്രവണതയുണ്ട്. മിനിസ്റ്റർ റിപ്ലൈ ഒപ്പിടുമ്പോൾ, അതിൽ ഏതെല്ലാം Sub-section-ന് ഉത്തരം തരാവുന്നതുണ്ടോ അതെങ്കിലും തരുന്നതിനുവേണ്ടി ശ്രമിക്കണം. ഭാഗികമായി ഉത്തരം തരാൻ പറ്റുന്ന പല ചോദ്യങ്ങളിലും 'വിവരം ശേഖരിച്ചു വരുന്നു' എന്നുള്ള സ്ഥിരം പല്ലവി ആകുന്നതു നല്ലതല്ല, ഇത് പല പ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണ്. ഇത് നിങ്ങളുടെ ഒരു അവകാശമെന്നുള്ള നിലയ്ക്ക് ചെയർ അതിൽ വളരെ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly